# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/211/2017 2017 ഒക്ടോബർ 11

## പത്രക്കുറിപ്പ്

**രണ്ടാം ശനി (ഒക്ടോബർ 14) എം.ജി.യിൽ പ്രവർത്തിദിനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇന്ന് (ഒക്ടോബർ 12) മുതൽ 14 വരെ നാക് പിയർ ടീമിന്റെ സന്ദർശനം നടക്കുന്നതിനാൽ സർവ്വകലാശാലാ ഓഫീസുകൾക്കും പഠനവിഭാഗങ്ങൾക്കും ഒക്ടോബർ 14 (രണ്ടാം ശനി) പ്രവൃത്തി ദിനമായും ഒക്ടോബർ 21 അവധിദിനമായും പ്രഖ്യാപിച്ച് ഉത്തരവായി.

**സന്ദർശകർക്ക് നിയന്ത്രണം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് നാക് ടീം സർവ്വകലാശാല സന്ദർശിക്കുന്നതിനാൽ ഒക്ടോബർ 16 വരെ വൈസ് ചാൻസലറുടെ ഓഫീസിൽ സന്ദർശകരെ സ്വീകരിക്കുന്നതല്ല.

**പി.ജി. ഏകജാലകം: സപ്ലിമെന്ററി അലോട്ട്മെന്റ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒഴിവുള്ള ബിരുദാനന്തര ബിരുദ സീറ്റുകളിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനായി ഇന്നു മുതൽ ഒക്ടോബർ 14ന് വൈകുന്നേരം 5 മണി വരെ ഓപ്ഷനുകൾ പുതുക്കി നൽകാവുന്നതാണ്. ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്കും പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.cap.mgu.ac.in എന്ന വെബ്സൈറ്റ് കാണുക.

**എം.ടെക് പോളിമർ സയൻസ് ആന്റ് ടെക്നോളജി: സ്പോട്ട് അഡ്മിഷൻ**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ എം.ടെക്ക് പോളിമർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ഒഴിവുള്ള മെരിറ്റ് സീറ്റുകളിലേക്ക്, നേരത്തെ പ്രവേശന പരീക്ഷയെഴുതാത്ത വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി സ്പോട്ട് പ്രവേശനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന എം.ടെക് പോളിമർ സയൻസ് ആന്റ് ടെക്നോളജിയുടെ വിജ്ഞാപനപ്രകാരം യോഗ്യതയുള്ളവർ പൂരിപ്പിച്ച അപേക്ഷയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും, അപേക്ഷാഫീസും ലേറ്റ് ഫീസും അടച്ച രസീതുകളും സഹിതം, ഒക്ടോബർ 19ന് രാവിലെ 11 മണിക്ക് സർവ്വകലാശാലാ ക്യാപ് സെല്ലിൽ ഹാജരാകണം.

**പ്രാക്ടിക്കൽ**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ ഒന്നു മുതൽ ആറു വരെ സെമസ്റ്റർ എം.സി.എ. (ഓഫ് കാമ്പസ്, 2007ന് മുമ്പുള്ള അഡ്മിഷനും, 2007-2010 അഡ്മിഷനും മേഴ്സി ചാൻസ്, 2011 മുതൽ അഡ്മിഷൻ റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ കമ്മ്യൂണിക്കേഷൻ & സോഫ്റ്റ് സ്കിൽ എന്ന പേപ്പറിന്റെ പ്രാക്ടിക്കൽ നാളെ (ഒക്ടോബർ 13) കോട്ടയം സി.എം.എസ്. കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ.

**പരീക്ഷാഫലം**

2017 ഏപ്രിൽ/മെയ് മാസത്തിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ ബി.സി.എ. ഓഫ് ക്യാമ്പസ് (സി.ബി.സി.എസ്.എസ്., റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 23 വരെ അപേക്ഷിക്കാം.

2017 ജൂലൈയിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ അവസാന സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്, 2012 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. അസൂന്ത ഫ്രാൻസിസ്, ഫേബാ എൽമ വർഗീസ്, ആർദ്ര ശ്രീകുമാർ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ അപേക്ഷിക്കാം.

**അനുശോചനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടറായിരുന്ന പ്രൊഫ. (ഡോ.) വി.സി. ഹാരീസിന്റെ നിര്യാണത്തിൽ സർവ്വകലാശാലയിൽ ചേർന്ന യോഗം അനുശോചനം രേഖപ്പെടുത്തി. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രജിസ്ട്രാർ എം.ആർ. ഉണ്ണി അനുശോചന പ്രമേയം അവതരിപ്പിച്ചു. സിൻഡിക്കേറ്റംഗം ആര്യാ രാജൻ, സ്കൂൾ ഓഫ് ലെറ്റേഴ്സ് അദ്ധ്യാപകനും ഡീനുമായ ഡോ. പി.എസ്. രാധാകൃഷ്ണൻ, ഫിനാൻസ് ഓഫീസർ അബ്രഹാം ജെ. പുതുമന, പ്രൊഫ. കെ.എം. കൃഷ്ണൻ, പ്രൊഫ. ആർ. വിജയകുമാർ, സംഘടനാ പ്രതിനിധികളായ ബാബുരാജ് വാര്യർ, ജി. പ്രകാശ്, കെ. രാജഗോപാൽ, കെ.എം. ഷാജി എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**